# പതിനാലാം കേരള നിയമസഭ
# പത്തൊൻപതാം സമ്മേളനം
# നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 378
# 03/03/2020 ലെ മറുപടിക്ക്

**പെയിൻ ആന്റ് പാലിയേറ്റീവ് ക്ലിനിക്കുകൾക്ക് യാത്രാവാഹനങ്ങൾ**

| | ചോദ്യം<br>ശ്രീ.പി.വി.അൻവർ | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | എം.എൽ.എ. മാരുടെ ആസ്തി വികസന പദ്ധതി, പ്രത്യേക വികസന നിധി എന്നിവയിൽ നിന്നും പെയിൻ ആന്റ് പാലിയേറ്റീവ് ക്ലിനിക്കുകൾക്ക് ആംബുലൻസ് അല്ലാതെ, മെഡിക്കൽ സംഘത്തിന് യാത്ര ചെയ്യാവുന്ന യാത്രാ വാഹനങ്ങൾ വാങ്ങുന്നതിന് തുക അനുവദിക്കുന്നതിന് സാധിക്കുമോ; ആയതിന് ധനകാര്യ വകുപ്പ് പ്രത്യേക അനുമതി നൽകുമോ; | എം.എൽ.എ മാരുടെ ആസ്തി വികസന പദ്ധതി, പ്രത്യേക വികസന നിധി എന്നിവയുടെ നിലവിലെ മാർഗ്ഗരേഖ പ്രകാരം മെഡിക്കൽ സംഘത്തിന് യാത്ര ചെയ്യാവുന്ന യാത്രാ വാഹനങ്ങൾ വാങ്ങുന്നത് അനുവദനീയമല്ല. നിലവിലെ മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത പ്രവർത്തികൾക്ക് പ്രത്യേക അനുമതിയിലൂടെ മാത്രമേ അനുവാദം നല്കുവാൻ കഴിയുകയുള്ളൂ. പെയിൻ ആന്റ് പാലിയേറ്റീവ് ക്ലിനിക്കുകൾക്ക് ആംബുലൻസ് ഒഴികെയുള്ള യാത്രാ വാഹനങ്ങൾ എം.എൽ.എ-എ.ഡി.എസ്/ എസ്.ഡി.എഫ് ഫണ്ട് വിനിയോഗിച്ച് വാങ്ങുന്നത് നിലവിലെ മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തുന്ന കാര്യം തൽക്കാലം പരിഗണനയിൽ ഇല്ല. |
| (ബി) | പെയിൻ ആന്റ് പാലിയേറ്റീവ് ക്ലിനിക്കുകൾക്ക് യാത്രാവാഹനങ്ങൾ അതാത് ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർമാരുടെ പേരിൽ വാങ്ങുന്നതിനായി എം.എൽ.എ- എ.ഡി.എസ്, എം.എൽ.എ - എസ്.ഡി.എഫ് എന്നിവയുടെ മാർഗ്ഗനിർദേശങ്ങളിൽ ഇക്കാര്യം രേഖപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | |

സെക്ഷൻ ഓഫീസർ